111/16.

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് — ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരോടൊപ്പം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെക്കൂടി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2867/16/തസ്വഭവ** **തിരുവനന്തപുരം, തീയതി 13.10.2016**

---

പരാമർശം: സ.ഉ.(കൈ) നം.309/15/തസ്വഭവ തീയതി 30.09.2015.

**ഉത്തരവ്**

നിലവിലുള്ള ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ പട്ടികയിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ/ആനുകൂല്യങ്ങൾ/ചികിത്സാ/വിദ്യാഭ്യാസ സംബന്ധമായ ആവശ്യങ്ങൾ എന്നിവയ്ക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്ന സാഹചര്യത്തിൽ അപേക്ഷ വിശദമായി പരിശോധിച്ച് നിലവിലുള്ള അർഹതാമാനദണ്ഡം ഉറപ്പുവരുത്തി ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2.ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരെ കൂടി ബി.പി.എൽ സർട്ടിഫിക്കറ്റ് നൽകുവാൻ അധികാരപ്പെടുത്തിയാൽ മാത്രമെ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന സാധാരണക്കാർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുള്ളു എന്നത് ശ്രദ്ധയിൽപെട്ടതിനാൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ പട്ടികയിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ/ആനുകൂല്യങ്ങൾ/ചികിത്സാ/വിദ്യാഭ്യാസ സംബന്ധമായ ആവശ്യങ്ങൾ എന്നിവയ്ക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്ന സാഹചര്യത്തിൽ അപേക്ഷ വിശദമായി പരിശോധിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം നിലവിലുള്ള അർഹതാമാനദണ്ഡം ഉറപ്പുവരുത്തി ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെക്കൂടി ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കപ്പെട്ട വ്യക്തികളെ/കുടുംബങ്ങളെ സംബന്ധിച്ച വിവരം പ്രത്യേക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

3. പരാമർശ ഉത്തരവ് മേൽപറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**വിജയകുമാർ.ടി.പി**
**സ്പെഷ്യൽ സെക്രട്ടറി**

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. ജില്ലാ കളക്ടർമാർ
5. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. നഗരസഭ സെക്രട്ടറിമാർ (നഗരാകാര്യ ഡയറക്ടർ മുഖേന)
7. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
8. ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
9. എല്ലാ ജില്ലാ പ്ലാനിങ് ഓഫീസർമാർ
10. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
11. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
12. കുടുംബശ്രീ, മിഷൻ കോ-ഓർഡിനേറ്റർ (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
13. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
14. ഡയറക്ടർ, പബ്ലിക് റിലേഷൻസ്
15. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.